പി പി മുനീർ , പള്ളിവക്കത്ത്

# ഈന്ത്



പണ്ട് അങ്ങാടിയിലെ കലാപരിപാടികൾക്കും പാർട്ടി പരിപാടികൾക്കുമെല്ലാം ഈന്തോല വേണമായിരുന്നു. ഇതിനെപ്പറ്റി അറിയുക

കവുങ്ങ് ചിന്തി പന്തല് കെട്ടി, മെടഞ്ഞ തെങ്ങോല നിരത്തി, ഈന്തോല ചുറ്റിലും നിരത്തി, അരമതിൽ തീർത്ത ചമയവും പെട്രോമാക്സ് തെളിച്ചവുമൊക്കെയുണ്ടായിരുന്ന ആ പഴയ കല്യാണപ്പന്തലിന് ഒരു ഒന്നൊന്നര ചന്തമുണ്ടായിരുന്നു.

മംഗലമായാലും മാമാങ്കമായാലും ഈന്തോല കൊണ്ടുള്ള ചമയം വേണമായിരുന്നു. കല്യാണ മാമാങ്കം കഴിഞ്ഞ് ബാക്കിയാവുന്നതെല്ലാം പെറുക്കിക്കൂട്ടി അടുക്കളയിൽ കത്തിക്കാമായിരുന്നു. പ്രകൃതി ദൂഷണം ഒട്ടുമുണ്ടാക്കില്ലെന്ന് സാരം.

വെയിലായാലും മഞ്ഞായാലും മാറ്റമില്ലാത്ത ഈന്തിന് കാരിരുമ്പു പോലുള്ള ദേഹമുണ്ട്. കീടങ്ങളുടെ ആക്രമണങ്ങളിൽ നിന്നെല്ലാം രക്ഷപ്പെട്ട് പറമ്പിന്റെ മൂലയിൽ ആർക്കും ശല്യമാവാതെ നിൽക്കുന്ന ചേലുള്ള ചെടിയാണിത്. തെങ്ങിന്റേതുപോലെ നരച്ച നിറവും രൂപവുമായി മകുടം ചൂടി തലപ്പത്ത് കുഞ്ഞ് ഓലകളെ വൃത്താകാരത്തിൽ തലയിൽ ചൂടിയുള്ളള നിൽപ് ആകർഷകമാണ്. ആദ്യമൊരു തട്ട് ഓല, പിന്നെ ഈന്തിന്റെ കായ് നിര, മീതേ വീണ്ടും ഓലകൾ, കുരു നിറച്ച് നിൽക്കുന്ന ഈന്ത് മരം കണ്ടാൽ ഉറപ്പിക്കാം അത് പെണ്ണ് ആണെന്ന്. കുരു ഉള്ളത് പെണ്ണ്, ഇല്ലാത്തത് ആണ്. മനുഷ്യരിലേതും മൃഗങ്ങളിലേതും പോലെ ആണും പെണ്ണും സസ്യലോകത്തുമുണ്ട്.

കാറ്റത്ത് ഒടിയാത്ത, ഇലയും തടിയും ആരെയും ആകർഷിക്കുന്നതാണ്. നിലം നോക്കി നിൽക്കുന്നതും മാനം നോക്കി നിൽക്കുന്നതുമായ ഓലകൾ, ചിലതിൽ ഒറ്റത്തടി, ചിലതിൽ ശാഖകളും. ശാഖയുള്ളവയിൽ കായ് ധാരാളം.

ഓലപ്പന്തലിലെ ചമയമായിരുന്നു ഒരു കാലത്ത് എന്നു പറഞ്ഞല്ലോ. പരിസ്ഥിതി കേടാക്കാത്ത ഈ ചമയത്തെ ഇക്കാലത്ത് ആര് വിലവെക്കുന്നു! ഏതു ജാതിക്കാരനും മതക്കാരനും അലങ്കരിക്കാൻ ഈന്തോല വേണമായിരുന്നു. ഈന്തോല നിരത്തിയാലേ ചന്തമുള്ളൂ. അങ്ങാടിയിലെ പരിപാടിക്ക്, കലാപരിപാടിക്ക്, പാർട്ടി പരിപാടിക്ക്, അങ്ങനെ ആളു കൂടേണ്ട ചടങ്ങിനെല്ലാം ഈന്തോല വേണം!

ഈന്തിൻ തൈയും തെങ്ങിൻ തൈയും ഒരേ സമയം നട്ടുവളർത്തിയാൽ തെങ്ങ് പൊങ്ങിയതിന്റെ നാലിലൊന്നേ ഈന്ത് പൊക്കം വെക്കൂ. അതുകൊണ്ടുതന്നെ ഈ

ഇന്ത്യയിൽ മുഖ്യമന്ത്രിയായ ആദ്യ മുസ്‌ലിം വനിത– സെയ്ദ അൻവാര തൈമൂർ(അസം)

ന്ത് പറിക്കാൻ തെങ്ങുകയറ്റക്കാരും വേണ്ട. ഈന്തോല വീണോ ഈന്തിൻ കായ് വീണോ ആരും കഷ്ടപ്പെട്ടില്ല. അൽപം ഉറപ്പുള്ള മൺ പ്രദേശങ്ങളിൽ ആരാലും ശല്യപ്പെടാതെ നിൽക്കുന്ന ഈന്ത് ഏറെ സവിശേഷതകളുള്ളതാണ്.

അങ്ങനെ വിത്തു പുറമേക്ക് കാണിക്കുന്ന ഏറ്റവും പഴക്കമേറിയ ചെടിയായി ഈന്ത് മാറി. ദിനോസറുകളുടെ കാലത്തു പോലും ഈന്ത് ഇന്നത്തേതു പോലെയായിരുന്നു. കാലം മാറിയിട്ടും മാറ്റമേതുമില്ലാതെ. ഓലപ്പാട് എണ്ണി നോക്കി വിദഗ്ധർ ഈന്ത് മരത്തിന്റെ പ്രായം പറഞ്ഞുതരും.

പൂക്കുന്ന ചെടികൾക്കും പൂക്കാത്ത ചെടികൾക്കും ഇടയിലെ കണ്ണിയാണ് ഈന്ത്. നിങ്ങളുടെ കുഞ്ഞു പാദങ്ങൾക്ക് എത്തിച്ചേരാനാവാത്ത കാലത്തേക്കും ദൂരത്തേക്കും എത്തിച്ചേരാനാവും ഈന്തുംചാരി നിന്നാൽ.

ചെടികളുടെ അകം പഠിക്കുന്നവർക്കും അതിനപ്പുറം പഠിക്കുന്നവർക്കും ഇന്നും കൗതുകമാണ് ഈന്ത്. അവരുടെ പ്രധാന നിരീക്ഷണ സസ്യമാണ്. ആണും പെണ്ണുമായി വേറെ വേറെയായി നിൽക്കുന്ന ചെടിയാണ് ഈന്ത്. ഈ ദ്വിലിംഗ സസ്യത്തിൽ പെണ്ണാണ് ഏറെ കാണപ്പെടുന്നത്; ആൺ കുറവും.





ഈന്തുംകായ നിറച്ചുള്ള ഈ ചെറു തെങ്ങിനെ പരിചയമില്ലാത്തവരുണ്ടോ?! ആ പഴയ പട്ടിണിക്കാലത്ത് പശിയടക്കാൻ ഈന്തുംകായ ഉണക്കിപ്പൊടിച്ച മാവ് കുഴച്ചു മീനും ചേർത്തുണ്ടാക്കുന്ന ആഹാരം വലിയ ആശ്വാസവും രുചികരവുമായിരുന്നു. സസ്യലോകത്ത് ഏറ്റവും വലുപ്പമുള്ള അണ്ഡം ഈന്തിന്റേതാണ്. നിൽപ്പു കണ്ടാൽ ആർക്കും വെട്ടിക്കളയാൻ തോന്നില്ല. അത്രയ്ക്ക് പാവത്താനാണ് ഈന്ത്. ആണും പെണ്ണും തിരിച്ചറിയാൻ ശ്രമിക്കണം. ഇതുപോലെ ആണും പെണ്ണും വെവ്വേറെ കാണുന്ന ചെടികൾ ഏതൊക്കെയാണെന്ന് കണ്ടുപിടിക്കാനും കൂട്ടുകാർ ശ്രമിക്കുക.

രാഷ്ട്രപതി സ്ഥാനത്തെത്തിയ ആദ്യ സ്വതന്ത്ര സ്ഥാനാർത്ഥി- ഡോ. എസ് രാധാകൃഷ്ണൻ